സബ്മിഷനിലൂടെ അവതരിപ്പിച്ചത്. ഒന്ന് ഈ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ പറയുമോ? ഇക്കാര്യത്തെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിനോട് ഞാൻ പറഞ്ഞിട്ടുണ്ട്. വാട്ടർ റിസോഴ്സസ് വകുപ്പുമന്ത്രി പാർലമെന്റിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ഇപ്പോൾത്തന്നെ കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. രണ്ടാമത്തെ കാര്യം ജല നിരപ്പ് 136 അടിയായി നിലനിറുത്തണം എന്നുള്ളതാണ്. 136 അടിയെ സംബന്ധിച്ചിടത്തോളം അതിൽ ഒരു വ്യത്യാസവുമില്ല. ആളുകളെ മാറ്റിപ്പാർപ്പിക്കേണ്ട കാര്യം വരുന്നത് 136 അടിക്ക് പുറത്തുപോകുന്ന സാഹചര്യത്തിലാണ്. അങ്ങനെയൊരു സാഹചര്യം വരുമ്പോഴാണ് അതിനെക്കുറിച്ച് ആലോചിക്കേണ്ടത്. ജലനിരപ്പ് 136 അടിയിൽ നിർത്തുന്നതിനുവേണ്ടി ഇന്നലെ ഈ സഭയിൽ ചർച്ച നടന്നപ്പോൾ ഞാൻ ചോദ്യത്തിനുത്തരമായി പറഞ്ഞ സാഹചര്യംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ ഡിപ്പാർട്ടുമെന്റിലെ ഉന്നതരായിട്ടുള്ള ഉദ്യോഗസ്ഥർ ഇന്ന് മുല്ലപ്പെരിയാറിൽ പോയിട്ടുള്ളത്. ഞാൻ അവരുടെ റിപ്പോർട്ട് വാങ്ങും. അതിനുശേഷം യുക്തമായ നടപടികളെടുക്കാനാണ് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. ആ നടപടി എടുക്കുമ്പോഴും പകൃതി വിട്ട് അവിവേകത്തിലാണ് കേരളം ഇങ്ങനെയൊരു നിലപാടെടുത്തതെന്ന് വരാതിരിക്കത്തക്കവിധത്തിൽ നീതിബോധത്തോടുകൂടിയുള്ള നടപടിയായിരിക്കും ഗവൺമെന്റ് എടുക്കുന്നത്. പക്ഷെ അപ്പോഴും ഞാൻ ആവർത്തിച്ച് പറഞ്ഞിട്ടുള്ളതുപോലെ സംസ്ഥാനത്തിന്റെ താൽപര്യം അവിടെ ജീവിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം കൊടുക്കുക എന്നുള്ളതാണ്. ഇക്കാര്യം ഉറപ്പാക്കത്തക്കവിധത്തിലുള്ള സത്വര നടപടിയായിരിക്കും ഗവൺമെന്റ് ഭാഗത്തുനിന്നുമുണ്ടാകുക.

(17) കാട്ടാനക്കൂട്ടങ്ങളുടെ ശല്യത്തിന് ശാശ്വത പരിഹാരം

പ്രൊഫ. എ. ഡി. മുസ്തഫ: സർ, ഈ മാസം അഞ്ചാം തീയതി മുതൽ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ആറളം ഗ്രാമപഞ്ചായത്തിലെ വിയറ്റ്നാം കോളനി, കമ്പോഡിയ, നീലിമല, ചതിരൂർ എന്നീ പ്രദേശങ്ങളിൽ കാട്ടാനകൾ അതിക്രൂരമായ താണ്ഡവം നടത്തുകയാണ്. 13 ഏക്കർ സ്ഥലം പൂർണ്ണമായും നശിച്ചിരിക്കുകയാണ്. ആറ് ആനകൾ അടങ്ങുന്ന കാട്ടാനക്കൂട്ടം ഒരു കാരണവശാലും മടങ്ങിപ്പോകാത്ത രൂപത്തിൽ അവിടെത്തന്നെ നിൽക്കുകയാണ്. ആദ്യത്തെ രണ്ട് ദിവസം ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ കൃത്യവിലോപമുണ്ടായെങ്കിലും ഇപ്പോൾ സ്ഥിരമായി അവർ അവിടെയുണ്ട്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണമെങ്കിൽ ഏഴ് കിലോമീറ്റർ നീളത്തിൽ power fencing ആവശ്യമാണ്. കൂടാതെ 2003 മുതൽ ആനകളുടെ ആക്രമണംകൊണ്ട് കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സർ, ബഹുമാനപ്പെട്ട എ.ഡി. മുസ്തഫ ഇവിടെ സൂചിപ്പിച്ചതുപോലെ വിയറ്റ്നാം കോളനിയിൽ എട്ട് ഏക്കർ സ്ഥലമുണ്ട്. കമ്പോഡിയയിൽ മൂന്ന് ഏക്കർ സ്ഥലമുണ്ട്. വിയറ്റ്നാം കോളനി, കമ്പോഡിയ, നീലിമല, ചതിരൂർ ഈ നാല് സ്ഥലങ്ങളിൽ കഴിഞ്ഞ മാസം അഞ്ചാം തീയതി കാട്ടാന ഇറങ്ങി; അവിടെ പ്രശ്നമുണ്ടായി. നാട്ടുകാരുടെ സഹായത്തോടുകൂടി കാട്ടാനകളെ മടക്കിവിടുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിൽ രണ്ടാഴ്ചയോളം മാത്രം പ്രായമുള്ള ഒരു കുട്ടിയാനയുണ്ട്. അതുകൊണ്ട് പരിശ്രമങ്ങൾ പലതുണ്ടെങ്കിലും കുട്ടിയാനയെ ഇട്ടിട്ട് ഈ ആനക്കൂട്ടം കാട്ടിലേക്ക് പോകുകയില്ല. ആ കുട്ടിയാനയെ ഉപദ്രവിച്ചുകൊണ്ട് നമുക്ക് നടപടിയെടുക്കാനും കഴിയുന്നില്ല. അതുകൊണ്ട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിലുള്ള ഒരു സംഘം അവിടെയുണ്ട്. ഈ പ്രദേശത്ത് താമസിക്കുന്നവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുന്നുണ്ട്. അത്യാവശ്യം വേണ്ട സ്ഥലത്ത് വൈദ്യുത കമ്പി നിർമ്മിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. കാട്ടാനകളുടെ ശല്യംകൊണ്ടുള്ള കൃഷിനാശം പല സ്ഥലങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ജനങ്ങളുടേയും വനം വകുപ്പിന്റേയും കൂട്ടായ പരിശ്രമത്തിലൂടെ ഇതിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഇവിടെ power fencing ഇടുന്നതിന് ഗവൺമെന്റിന്റെ സാമ്പത്തികപരിമിതിക്കുള്ളിൽ നിന്നുകൊണ്ട് സഹകരിക്കാവുന്ന പരമാവധി നടപടികൾ സഹകരിക്കും.

(18) തൃശ്ശൂർ ജില്ലയിലെ കന്നുകാലിഫാം ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തുനിന്നും മാറ്റണമെന്ന ആവശ്യം

ശ്രീ. പി. പി. ജോർജ്ജ്: സർ, തൃശ്ശൂർ ജില്ലയിൽ എന്റെ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന പന്നി വളർത്തൽ കേന്ദ്രം അവിടെനിന്നും മാറ്റുകയോ അടച്ചുപൂട്ടപ്പെടുകയോ ചെയ്യണമെന്നുള്ള ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഞാൻ ഗവൺമെന്റിൽ ഉണ്ടായിരുന്നപ്പോൾ ആരംഭിച്ച ഒരു സ്ഥാപനമാണിത്. ശ്രീ. പി. പി. തങ്കച്ചനും, ശ്രീ. ഇ. ചന്ദ്രശേഖരൻ നായരും, ശ്രീമതി കെ. ആർ. ഗൗരിയമ്മയും നല്ല പിൻതുണ നൽകി. പക്ഷേ ഇപ്പോൾ അവിടത്തെ മാലിന്യംമൂലം ജനജീവിതം ദുസ്സഹമായിരിക്കുകയാണ്. ബഹുമാനപ്പെട്ട മിനിസ്റ്ററുടെ നിർദ്ദേശത്തോടുകൂടി കെ.എൽ.ഡി. ബോർഡുവഴി ധാരാളം വർക്കുകൾ ചെയ്തെങ്കിലും പ്ലാന്റിന്റെ തകരാറുകൊണ്ടോ എന്തോ മാലിന്യംകൊണ്ട് വളരെ വിഷമകരമായ സാഹചര്യമാണ് അവിടെ ഉള്ളത്. അതുകൊണ്ട് അവിടത്തെ ആക്ഷൻ കൗൺസിൽ